പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2128 08.12.2014 ൽ മറുപടിക്ക്

## അക്രമിസംഘങ്ങളുടെയും സംഘടനകളുടെയും സദാചാരപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സദാചാരപാലനം നാട്ടിൽ സ്വയം ഏറ്റെടുത്ത് ജനങ്ങളുടെ സ്വകാര്യജീവിതത്തിലേയ്ക്കു കടന്നാക്രമണം നടത്തുന്ന അക്രമിസംഘങ്ങളുടെയും സംഘടനകളുടെയും ധാരാളം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടും ഇത്തരം സംഭവങ്ങൾക്കെതിരെയും സംഘങ്ങൾക്കെതിരെയും പ്രതികരിക്കാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ; | (എ) സ്വകാര്യ ജീവിതത്തിലേക്ക് കടന്നാക്രമണം നടത്തുന്ന അക്രമിസംഘങ്ങളുടേയും സംഘടനകളുടേയും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) സർക്കാരും നിയമവും ഇത്തരം സാഹചര്യത്തിൽ നിസ്സംഗത പാലിച്ചാൽ പൊതുസമൂഹത്തിൽ അക്രമങ്ങളും സംഘട്ടനങ്ങളും വ്യാപകമാകാൻ സാദ്ധ്യതയുള്ളതിനാൽ ഇതു സംബന്ധിച്ച് അടിയന്തരമായി നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ? | (ബി) ഇത്തരം അക്രമ പ്രവർത്തനങ്ങളിൽ പോലീസ് നിസ്സംഗത പാലിക്കാറില്ല. നിയമ നിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ